പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## പതിമൂന്നാമത് റിപ്പോർട്ട്

(2018 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## പതിമൂന്നാമത് റിപ്പോർട്ട്

(2018 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ്
ലെജിസ്ലേഷൻ സമിതിയുടെ ഒമ്പതാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

783/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം 1 | .. | 1 |
| അദ്ധ്യായം 2 | .. | 2 |
| അദ്ധ്യായം 3 | .. | 11 |
| അനുബന്ധം : (എസ്. ആർ. ഒ. നമ്പർ 102/2014) | .. | 14 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2016-2019)
### ഘടന

<u>ചെയർമാൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.

ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008)യുടെ ഒമ്പതാമത് റിപ്പോർട്ട് 2008 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 13.

# റിപ്പോർട്ട്

## പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

### അദ്ധ്യായം 1

12-ാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008)-യുടെ ഒമ്പതാമത് റിപ്പോർട്ട് 2008 ഡിസംബർ 18-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിലെ 21-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ (S.R.O.No.247/07 തീയതി 19-3-2007, S.R.O.No.390/07 തീയതി 2-5-2007) സംബന്ധിച്ച് സമിതി സൂക്ഷ്മ പരിശോധന നടത്തിയതിന്റെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ഖണ്ഡിക 9 മുതൽ 23 വരെ 15 ശിപാർശകൾ ഉണ്ടായിരുന്നു. കൃഷിവകുപ്പിൽ നിന്ന് ഖണ്ഡിക 9, 14, 15, 16,18, 19, 21, 22 എന്നിവയിലെ ശിപാർശകൾക്ക് 23918/എജി2/12/കൃഷി നമ്പരായുള്ള 22-5-2013, 5-3-2016 എന്നീ തീയതികളിലെ കത്തുകളിലൂടെ അന്തിമ മറുപടി ലഭ്യമാക്കുകയും യഥാക്രമം 30-10-2013, 4-1-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പ്രസ്തുത മറുപടികൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റവന്യു വകുപ്പിൽനിന്നും ഖണ്ഡിക 11, 17, 20 എന്നീ ശിപാർശകൾക്ക് 3539/എച്ച്3/13/റ.വ. നമ്പരിലുള്ള 20-2-2015, 20-9-2017 എന്നീ തീയതികളിലെ കത്തുകളിലൂടെ അന്തിമ മറുപടി ലഭ്യമാക്കുകയും 22-9-2015-ലെയും 22-9-2017-ലെയും സമിതി യോഗങ്ങളിൽ പ്രസ്തുത മറുപടികൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 10, 12, 13, 23 എന്നീ ഖണ്ഡികകളിന്മേൽ ലഭിച്ച ഇടക്കാല മറുപടി പരിഗണിച്ച സമിതി ആയതിന്മേലുള്ള അന്തിമ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ റവന്യു വകുപ്പിനോട് ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചു.

സമിതി (2006-2008)യുടെ 9-ാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളും ഈ റിപ്പോർട്ടിന്റെ 2-ാം അദ്ധ്യായത്തിലും ശിപാർശകളിന്മേൽ അന്തിമ മറുപടി ലഭ്യമാക്കാത്തവയും സമിതിയുടെ തുടർശിപാർശകളും 3-ാം അദ്ധ്യായത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

783/2018.

## അദ്ധ്യായം 2

## സമിതി (2006-2008)യുടെ 9-ാമത് റിപ്പോർട്ടിലെ ശിപാർശകൾ,സർക്കാർ മറുപടികൾ എന്നിവ

<u>ശിപാർശ നമ്പർ 1 (ഖണ്ഡിക 9)</u>

കർഷക കടാശ്വാസ കമ്മീഷന് വിവിധ ജില്ലകളിൽ നിന്നും 31-10-2008-വരെ നാല് ലക്ഷത്തോളം പരാതികൾ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ 14,000-ഓളം അപേക്ഷകളിൽ മാത്രമാണ് കമ്മീഷൻ തീർപ്പ് കല്പിച്ചിട്ടുള്ളത്. അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുവാൻ കഴിയാത്തതിനുള്ള പ്രധാന കാരണം അപേക്ഷകൾ തരംതിരിക്കുന്നതിലുണ്ടാകുന്ന താമസമാണെന്ന് തെളിവെടുപ്പ് യോഗങ്ങളിൽ സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതയാണ്. <u>ആയതിനാൽ, റവന്യൂ, കൃഷി തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയും കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തിയും ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയോഗിച്ചും അപേക്ഷകളുടെ തരംതിരിക്കൽ ഉടനടി പൂർത്തിയാക്കണമെന്നും കമ്മീഷന്റെ കാലാവധി തീരുന്നതിനുമുമ്പ് മുഴുവൻ അപേക്ഷകളിലും തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

റവന്യൂ വകുപ്പിന്റെ 19-3-2007-ലെ ജി.ഒ.(പി)നമ്പർ 92/2007/RD ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 23-1-2010-ലെ ജി.ഒ. (പി)നമ്പർ24/2010/RD ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് ദീർഘിപ്പിച്ചതനുസരിച്ച് പ്രസ്തുത കമ്മീഷന്റെ കാലാവധി 18-3-2012-ൽ അവസാനിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പിന്റെ 19-5-2012-ലെ ജി.ഒ.(പി) നമ്പർ 210/2012/RD, 7-6-2012-ലെ ജി.ഒ.(പി) നമ്പർ 236/2012/RD എന്നീ ഉത്തരവുകൾ പ്രകാരം കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കടിശ്ശികയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

കടാശ്വാസം അനുവദിക്കുന്നതിനുള്ള വ്യക്തിഗത അപേക്ഷകൾ കമ്മീഷൻ മുമ്പാകെ നൽകുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 31-5-2009-നകം ലഭിച്ച 4.1 ലക്ഷം അപേക്ഷകളിൽ 2.6 ലക്ഷം 31-3-12-നകം തീർപ്പാക്കിയിട്ടുണ്ട്. നിശ്ചിത തീയതിയ്ക്കകം കമ്മീഷനിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ തരംതിരിച്ചു കഴിഞ്ഞിട്ടുണ്ട്. ഓഫീസിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷകളും അനുബന്ധ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(23918/എജി2/12/കൃഷി തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു

ശിപാർശ നമ്പർ 2 (ഖണ്ഡിക 10)

2007 മുതൽ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് കടാശ്വാസ തുക ശിപാർശ ചെയ്തുകൊണ്ടുള്ള അവാർഡുകൾ പുറപ്പെടുവിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും അതുപ്രകാരമുള്ള കടാശ്വാസ തുക ബാങ്കുകൾക്ക് സർക്കാർ നൽകിയിട്ടില്ലായെന്ന് സംയുക്തയോഗത്തിൽ കമ്മീഷൻ അംഗങ്ങൾ സമിതിയെ ധരിപ്പിച്ചിരുന്നു. ഇതുമൂലം ബാങ്കുകൾ കർഷകരുടെ മേൽ പലിശബാധ്യത കൂട്ടുമെന്നതിനാൽ അവർക്ക് കടക്കണക്ക് അവസാനിപ്പിക്കുന്നതിനോ പ്രമാണം തിരികെ ലഭിക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. തത്ഫലമായി കർഷകർക്ക് പുതിയ വായ്പയെടുത്തുകൊണ്ട് കൃഷിയിലേയ്ക്ക് തിരിച്ചുവരാൻ കഴിയുന്നില്ലായെന്നും ഇത് ജനങ്ങൾക്കിടയിൽ കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുമെന്നും സമിതി വിലയിരുത്തുന്നു. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അവാർഡുകൾ പ്രകാരം ബാങ്കുകൾക്ക് പണം നൽകേണ്ടത് സർക്കാരായതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബാങ്കുകൾക്ക് തുക സർക്കാർ കൈമാറേണ്ടതാണ്. ഈ നടപടികൾ വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നതിന് കർഷക കടാശ്വാസത്തിനായി സർക്കാർ നൽകുന്ന തുക ബാങ്കുകൾക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

കർഷക കടാശ്വാസം സംബന്ധിച്ച നിയമനിർമ്മാണം റവന്യൂ വകുപ്പിന്റെ അധികാര പരിധിയിലായതിനാൽ സമിതി ശിപാർശപ്രകാരം 28-7-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1283/15/കൃഷി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(23918/എജി2/12/കൃഷി തീയതി 5-3-2016 നമ്പർ കത്ത് മുഖേന ലഭിച്ചത്)

4-1-2017-ലെ സമിതി യോഗം പരിഗണിക്കുകയും തുടർ നടപടികളെടുക്കാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

ശിപാർശ നമ്പർ 3 (ഖണ്ഡിക-11)

ആക്റ്റിലെ സെക്ഷൻ 3-ൽ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി 'കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ' എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണെന്ന് പറയുന്നു. എന്നാൽ അതുപ്രകാരമുള്ള സർക്കാർ വിജ്ഞാപനത്തിൽ (S.R.O. No. 247/2007, തീയതി 19-3-2007) 'കേരള കർഷക കടാശ്വാസ കമ്മീഷൻ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, ചട്ടങ്ങളിൽ 'സംസ്ഥാന' എന്ന വാക്കുകൂടി ചേർത്ത് 'കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ' എന്ന് പുനർനാമകരണം ചെയ്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

സ.ഉ. (പി)നമ്പർ 69/14/റ.വ. തീയതി 29-1-2014 പ്രകാരം ചട്ടങ്ങളിൽ 'സംസ്ഥാന' എന്ന വാക്കുകൂടി ചേർത്ത് 'കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ' എന്ന് പുനർനാമകരണം ചെയ്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(3539/എച്ച്3/13/റ.വ. തീയതി 20-2-2015 നമ്പർ കത്ത് മുഖേന ലഭിച്ചത്)

22-9-2015-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക -12)</u>

ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം "സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണെന്ന് " വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന-വേതന വ്യവസ്ഥകളും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നും ഇത് സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നുള്ള സർക്കാർ ഉത്തരവുകൾ മാത്രമാണ് നിലവിലുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ, കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന-വേതന വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് താമസംവിനാ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായ മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണെന്ന 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിലെ വ്യവസ്ഥ അനുസരിച്ച് നിലവിൽ സെക്രട്ടറിയെ ഡെപ്യൂട്ടേഷനിൽ നിയമിച്ചുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ 26-6-2007-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1132/ 2007/AD/ 9-7-2007-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1237/2007/AD എന്നീ ഉത്തരവുകൾ പ്രകാരം കമ്മീഷനിൽ ഫിനാൻസ് ഓഫീസർ, സെക്ഷൻ ഓഫീസർ എന്നിവരുടെ ഓരോ തസ്തികകളും ഓഫീസ് അസിസ്റ്റന്റിന്റെ 4 തസ്തികകളും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനും അസിസ്റ്റന്റ്/ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, സ്വീപ്പർ എന്നിവരുടെ ഓരോ തസ്തികകളും 2 ഡ്രൈവർ തസ്തികകളും 3 പ്യൂൺ തസ്തികകളും കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനും അനുവദിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷനിൽ നിയമിതരാവുന്നവർക്ക് മാതൃവകുപ്പിലെ സേവന-വേതന വ്യവസ്ഥകളാണ് പിന്തുടരുന്നത്.

കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന-വേതനവ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്നതാണ്

ശിപാർശ എന്നതിനാലും നിയമനിർമ്മാണം റവന്യൂ വകുപ്പിന്റെ ചുമതലയായതിനാലും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(23918/എജി2/12/കൃഷി തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

4-1-2017-ലെ സമിതി യോഗം പരിഗണിക്കുകയും തുടർ നടപടികളെടുക്കാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക 13)</u>

ആക്ടിലെ സെക്ഷൻ 4(6)-ൽ "ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന് പരാമർശിച്ചിരിക്കുന്നു. ചെയർമാൻ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജഡ്ജിയായതുകൊണ്ട് അദ്ദേഹത്തിന്റെ ബത്തകളും മറ്റ് സേവന വ്യവസ്ഥകളും ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതായിട്ടുണ്ട്. <u>ആയതിനാൽ, ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കൃഷിവകുപ്പിന്റെ 10-7-2007-ലെ ജി.ഒ.(എം.എസ്)നമ്പർ 114/2007/AD, 1-8-2007-ലെ ജി.ഒ.(എംഎസ്.) നമ്പർ130/2007/AD, 25-1-2008-ലെ ജി.ഒ.(എംഎസ്.) നമ്പർ 15/2008/AD എന്നീ ഉത്തരവുകൾ പ്രകാരം ചെയർമാന്റെയും മറ്റംഗങ്ങളുടെയും ശമ്പളവും ബത്തകളും നിർണ്ണയിച്ചിട്ടുണ്ട്. നിയമനിർമ്മാണം റവന്യൂ വകുപ്പിന്റെ ചുമതലയായതിനാൽ ഇക്കാര്യത്തിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(23918/എജി2/12/കൃഷി തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

30-10-2013-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിക്കുകയും റവന്യൂ വകുപ്പിനോട് തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക-14)</u>

ആക്ടിലെ സെക്ഷൻ 8(2) പ്രകാരം കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം മൂന്ന് ആയിരിക്കേണ്ടതാണ്. <u>എന്നാൽ കമ്മീഷന്റെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച സാഹചര്യത്തിൽ കമ്മീഷന്റെ സിറ്റിംഗുകളുടെ ക്വാറം പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ധാരാളം അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ പരമാവധി ബെഞ്ചുകൾ രൂപീകരിക്കണമെന്നതിനാൽ ക്ലാറം പുനർനിർണ്ണയിക്കുന്നതിന് നിർവ്വാഹമില്ല.

(23918/ എജി2/12/ കൃഷി, തീയതി 22-5-2013 കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക-15)</u>

ആക്റ്റിലെ സെക്ഷൻ 5 (1)(എ) പ്രകാരം കമ്മീഷന് അപേക്ഷയിന്മേലോ, അല്ലാതെയോ അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള അന്വേഷണത്തിനു ശേഷവും സർക്കാർ ഇതിലേയ്ക്കായി നിർണ്ണയിക്കുന്ന പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും ജില്ലയേയോ വിളയേയോ ദുരിതബാധിത ജില്ലയായും ദുരിതബാധിത വിളയായും ഒരു കർഷകനെ ദുരിതബാധിത കർഷകനായും പ്രഖ്യാപിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ചട്ടം 6 (1)-ൽ കടാശ്വാസം നൽകുന്നതിന്റെ മാനദണ്ഡവും പരിധിയും നൽകേണ്ട വിധവും സൂചിപ്പിച്ചിട്ടില്ല. കൂടാതെ അപേക്ഷ നൽകേണ്ട അവസാന തീയതിയും രേഖപ്പെടുത്തിയിട്ടില്ല. <u>ആയതിനാൽ കടാശ്വാസം നൽകുന്നതിന്റെ മാനദണ്ഡവും തുകയുടെ പരിധിയും നൽകേണ്ട വിധവും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും ഉൾപ്പെടുത്തി ചട്ടം 6 (1) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കടാശ്വാസം ലഭിക്കുന്നതിനും ഒരു കർഷകനെ ദുരിതബാധിതനായി പ്രഖ്യാപിക്കുന്നതിനുമുള്ള അപേക്ഷയുടെ മാതൃക സംബന്ധിച്ചുള്ളതാണ് ചട്ടം 6 (1) എന്നതിനാൽ പ്രസ്തുത ഭേദഗതി വരുത്തുന്നതിന് നിർവ്വാഹമില്ല.

(23918/ എജി2/12/ കൃഷി, തീയതി 22-5-2013 കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 8 (ഖണ്ഡിക-16)</u>

ആക്റ്റ് 5 (1) (ജെ)-യിൽ 'നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും' കമ്മീഷന് അധികാരം നൽകിയിരിക്കുന്നു. ഇത് പൊതുവായ ഒരു നാമനിർദ്ദേശമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ആക്റ്റിൽ പരാമർശിച്ചിട്ടുള്ളതിനു പുറമേ കമ്മീഷനിൽ എന്തൊക്കെ അധികാരങ്ങളാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് ചട്ടം 3-ൽ വ്യക്തമായി സൂചിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ എല്ലാം ആക്റ്റിൽ പരാമർശിച്ചിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ സമർപ്പിക്കുന്നു. (23918/എജി2/12/കൃഷി,തീയതി 5-3-16 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

4-1-2017-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക-17)</u>

ചട്ടങ്ങളോടൊപ്പമുള്ള 'എ' മുതൽ 'ജി' വരെയുള്ള ഫാറങ്ങളിൽ അവ ഏത് ചട്ടപ്രകാരമാണ് നൽകേണ്ടത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ പിശക് കടന്ന് കൂടിയതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫാറം 'സി' യിൽ 8-ാം ചട്ടം കാണുക എന്നും ഫാറം 'ഇ' യിൽ ചട്ടം '13' കാണുക എന്നും ഫാറം 'എഫ്'-ൽ 23-ാം ചട്ടം കാണുക എന്നും ഫാറം 'ജി' യിൽ 25-ാം ചട്ടം കാണുക എന്നും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. <u>ആയതിനാൽ ഫാറം 'സി' യിൽ 6-ാം ചട്ടം കാണുക എന്നും ഫാറം 'ഇ' യിൽ 11-ാം ചട്ടം കാണുക എന്നും ഫാറം 'എഫ്'- ൽ 21-ാം ചട്ടം കാണുക എന്നും ഫാറം 'ജി' യിൽ 23-ാം ചട്ടം കാണുക എന്നും മാറ്റി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന്</u> സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഫാറം 'ഇ' യിൽ എതിർ കക്ഷിക്കുള്ള നോട്ടീസിൽ (2007-ലെ......) എന്നതിനും പകരം (2007-ലെ 1) എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

<u>റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങളിലെ (1)-ാം ഫാറം 'സി', (2)-ാം ഫാറം "ഇ", (3)-ാം ഫാറം എഫ്, (4)-ാം ഫാറം "ജി" എന്നിവയിൽ ഭേദഗതി വരുത്തി 29-1-2014-ൽ G.O. (P) 70/2014/RD ആയി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (SRO No. 102/2014) അനുബന്ധം.

(3539/എച്ച്3/13/റ.വ. തീയതി 20-2-2015 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

22-9-2015-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക-18)</u>

വയനാട് ജില്ലയെ മാത്രമാണ് ഇതുവരെ ദുരിതബാധിത ജില്ലയായി പ്രഖ്യപിച്ചിട്ടുള്ളത് എന്നും ഏലം, കാപ്പി, തേയില എന്നീ വിളകളെ മാത്രമേ ദുരിതബാധിത വിളയായി പ്രഖ്യാപിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. മലയോര പ്രദേശങ്ങളിലെ പ്രധാന വിളയായ കുരുമുളകിനെ ദുരിതബാധിത വിളയായി പ്രഖ്യാപിക്കാത്തത് വിളനാശവും വിലയിടിവുംമൂലം വിഷമവൃത്തത്തിലായ കുരുമുളക് കർഷകരെ ദുരിതപർവ്വത്തിലേയ്ക്ക്

എത്തിച്ചിരിക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്ത് വിദേശനാണ്യം നേടിത്തരുന്ന വിള എന്ന നിലയിലും കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും കുരുമുളക്, അടയ്ക്ക, നാളികേരം എന്നീ വിളകളെ കൂടി ദുരിതബാധിത വിളകളായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

ഇടുക്കി ജില്ലയിലെ കുരുമുളക്, കാസർഗോഡ് ജില്ലയിലെ അടയ്ക്ക എന്നിവയെ ദുരിതബാധിത വിളകളായി പ്രഖ്യാപിക്കണമെന്ന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ 2008-ലെ കാർഷിക കടങ്ങൾ എഴുതിത്തള്ളലും കടാശ്വാസവും പദ്ധതിയുടെ വെളിച്ചത്തിൽ കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം വിളകളെയും പ്രദേശങ്ങളെയും ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ പ്രസ്തുത ശിപാർശ അംഗീകരിച്ചിട്ടില്ല.

(23918/എജി2/12/കൃഷി,തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

ശിപാർശ നമ്പർ 11 (ഖണ്ഡിക-19)

വിവിധ ജില്ലകളിൽ കമ്മീഷൻ സിറ്റിംഗ് നടത്തിയിട്ടുണ്ടെങ്കിലും വിളനാശം സംബന്ധിച്ച് പ്രത്യേക പഠനം നടത്തണമെന്നും ഓരോ ജില്ലയിലെയും ഏതൊക്കെ വിളകളെയാണ് ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതെന്ന് ശിപാർശ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ദുരിതബാധിതമായി പ്രഖ്യാപിച്ച ജില്ലകൾക്ക് മാത്രമാണ് സർക്കാർ കടാശ്വാസം നൽകുന്നതിന് മുൻഗണന നൽകുന്നത് എന്നതിനാൽ ഏതൊക്കെ ജില്ലകളെയാണ് ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതെന്ന് കമ്മീഷൻ അടിയന്തരമായി സർക്കാരിന് ശിപാർശ നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

കൃഷിവകുപ്പിൽ നിന്നും ലഭിച്ച മറുപടി

വയനാട്, ഇടുക്കി, ആലപ്പുഴ, കാസർഗോഡ്, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് കമ്മീഷൻ വിശദമായ പഠനം നടത്തി. വയനാട് ജില്ലയെ ദുരിതബാധിതമായി പ്രഖ്യാപിക്കാൻ ശിപാർശ ചെയ്തിരുന്നു. അതനുസരിച്ച് കൃഷി വകുപ്പിന്റെ 9-8-2007-ലെ ജി.ഒ. (എംഎസ്.) നമ്പർ 139/2007/AD ഉത്തരവ് പ്രകാരം വയനാട് ജില്ലയെ ദുരിതബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്ക് ദുരിതബാധിത പ്രദേശമായും ഇടുക്കി ജില്ലയിലെ കുരുമുളക്, കാപ്പി, തേയില കാസർഗോഡ് ജില്ലയിലെ കമുക്, പാലക്കാട്

ജില്ലയിലെ കരിമ്പ്, പരുത്തി എന്നീ വിളകളെ ദുരിതബാധിത വിളകളായും പ്രഖ്യാപിക്കുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ 2008-ലെ കാർഷിക കടങ്ങൾ എഴുതിത്തള്ളലും കടാശ്വാസവും പദ്ധതിയുടെ വെളിച്ചത്തിൽ കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം വിളകളെയും പ്രദേശങ്ങളേയും ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ പ്രസ്തുത ശിപാർശ അംഗീകരിച്ചിട്ടില്ല.

മാത്രമല്ല, കടാശ്വാസം നല്കുന്നതിന് ദുരന്തബാധിത ജില്ലകൾക്ക് മുൻഗണന നല്കുന്നില്ല. നിശ്ചിത തീയതിയ്ക്കകം അപേക്ഷ നൽകിയിട്ടുള്ള എല്ലാ ജില്ലകളിലെ കർഷകർക്കും കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്ന മുറയ്ക്ക് ആയത് അനുവദിക്കുന്നുണ്ട്.

(23918/എജി2/12/കൃഷി തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 12 (ഖണ്ഡിക-20)</u>

കൃഷിനാശംമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ അപേക്ഷകളിന്മേൽ കമ്മീഷൻ തീർപ്പുകല്പിച്ച കേസുകളിൽ ഉത്തമർണ്ണ സ്ഥാപനങ്ങൾക്ക് തുക ലഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. <u>ഇതുമൂലം കർഷകനുണ്ടാകുന്ന അധിക ബാദ്ധ്യതയ്ക്ക് കർഷകൻ ഉത്തരവാദിയല്ലാത്തതിനാൽ ഉത്തമർണ്ണ സ്ഥാപനങ്ങൾ കർഷകരിൽ നിന്നും അധിക ബാദ്ധ്യത ഈടാക്കുവാൻ പാടില്ല എന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ഈ ശിപാർശയിന്മേലുള്ള നിയമ ഭേദഗതിക്ക് നടപടികൾ സ്വീകരിച്ചു വരുന്നു.

(3539/എച്ച്3/13/റ.വ.1 തീയതി 20-9-2017 നമ്പർ കത്ത് മുഖേന ലഭിച്ചത്)

22-9-2017-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക-21)</u>

കർഷക കടാശ്വാസം നൽകുന്നത് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് തെളിവെടുപ്പ് യോഗങ്ങളിൽ ബാങ്ക് പ്രതിനിധികൾ പരാതിപ്പെട്ടിരുന്നു. വായ്പ നൽകിയ തുക തിരികെ ലഭിക്കാത്തതുമൂലം ജീവനക്കാരുടെ ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ദൈനംദിന കാര്യങ്ങൾക്കായി പണം കണ്ടെത്തുന്നതിന് പല ബാങ്കുകളും ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. <u>കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുമൂലമുണ്ടാകുന്ന ബാധ്യതയിൽനിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കി ആ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷിവകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

സഹകരണബാങ്കുകളെ ഒഴിവാക്കി ബാദ്ധ്യത പൂർണമായി സർക്കാർ ഏറ്റെടുക്കുന്നത് സർക്കാരിന്റെ സാമ്പത്തികബാദ്ധ്യത കൂടുതലാക്കുമെന്നതിനാൽ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

(23918/എജി2/12/കൃഷി തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 14 (ഖണ്ഡിക-22)</u>

കേന്ദ്ര സർക്കാരിന്റെ കാർഷിക കടാശ്വാസ പദ്ധതിയുടെ സംസ്ഥാനത്തെ കർഷകർക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി എന്നത് കമ്മീഷന്റെ പ്രവർത്തനത്തെ ഏറെ ലഘൂകരിച്ചിട്ടുണ്ട്. ആ നിലയ്ക്ക് കമ്മീഷനുമുമ്പാകെ കുന്നുകൂടിയിട്ടുള്ള അപേക്ഷകളിൽ വലിയൊരു ശതമാനവും ഒഴിവാക്കാൻ കഴിയുന്നവയാണ്. ആക്ടും ചട്ടവും ലക്ഷ്യം വയ്ക്കുന്ന രീതിയിൽ ചെറുകിട നാമമാത്ര കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിന് കമ്മീഷൻ അവാർഡ് ചെയ്ത തുക ബന്ധപ്പെട്ട ഉത്തമർണ്ണ സ്ഥാപനത്തിന് ലഭിച്ചുവെന്നും കർഷകർക്ക് കടാശ്വാസത്തിന്റെ പ്രയോജനം ലഭിച്ചു എന്നത് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>കൃഷിവകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കടാശ്വാസ കമ്മീഷന്റെ ശിപാർശപ്രകാരം സർക്കാർ അനുവദിക്കുന്ന കടാശ്വാസത്തുക സഹകരണസംഘം രജിസ്ട്രാർ മുഖേനയാണ് നിലവിൽ ബന്ധപ്പെട്ട ഉത്തമർണ്ണന്മാർക്ക് (സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക്) വിതരണം ചെയ്യുന്നത്. അപ്രകാരം തുക വിതരണം ചെയ്യുന്നതിന് മുമ്പ് ക്ലെയിമുകളുടെ സത്യസന്ധത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തണമെന്നും കടാശ്വാസം അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(23918/എജി2/12/കൃഷി, തീയതി 22-5-2013 നമ്പർ കത്ത് മുഖേന ലഭിച്ചത്)

30-10-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 15 (ഖണ്ഡിക-23)</u>

അവാർഡുകൾ പാസ്സാക്കുന്നതുവരെയുള്ള കാര്യം മാത്രമേ ആക്ടിൽ പറയുന്നുള്ളൂ എന്നതിനാൽ അതു കഴിഞ്ഞ് തുക ആര് എങ്ങനെ കൊടുക്കണം എന്നതിനെ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനുകളുടെ അഭാവം ഒരു പ്രധാന വൈകല്യമായി സമിതി വിലയിരുത്തുന്നു. ആക്ടിൽ വ്യവസ്ഥ ഇല്ലാത്തതുമൂലമാണ് ചട്ടങ്ങളിലും ഇവ ഉൾപ്പെടുത്തുവാൻ കഴിയാതെ പോയത്. <u>ആയതിനാൽ കടാശ്വാസം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തവും നിയതവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കൃഷിവകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കർഷക കടാശ്വാസം സംബന്ധിച്ച നിയമനിർമ്മാണം റവന്യൂ വകുപ്പിന്റെ അധികാര പരിധിയിലായതിനാൽ സമിതി ശിപാർശ പ്രകാരം 28-7-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1283/2015/കൃഷി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(23918/എജി2/12/കൃഷി, തീയതി 5-3-2016 നമ്പർ കത്ത് മുഖേന ലഭിച്ചത്)

4-1-2017-ലെ സമിതി യോഗം പരിഗണിക്കുകയും റവന്യൂ വകുപ്പിനോട് തുടർ നടപടികളെടുക്കാൻ നിർദ്ദേശിച്ചു.

## അദ്ധ്യായം 3

## സമിതി ശിപാർശകളിന്മേൽ സർക്കാരിൽനിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തവ

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക-10)</u>

2007 മുതൽ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് കടാശ്വാസ തുക ശിപാർശ ചെയ്തുകൊണ്ടുള്ള അവാർഡുകൾ പുറപ്പെടുവിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും അതുപ്രകാരമുള്ള കടാശ്വാസ തുക ബാങ്കുകൾക്ക് സർക്കാർ നൽകിയിട്ടില്ലായെന്ന് സംയുക്തയോഗത്തിൽ കമ്മീഷൻ അംഗങ്ങൾ സമിതിയെ ധരിപ്പിച്ചിരുന്നു. ഇതുമൂലം ബാങ്കുകൾ കർഷകരുടെമേൽ പലിശബാധ്യത കൂട്ടുമെന്നതിനാൽ അവർക്ക് കടക്കണക്ക് അവസാനിപ്പിക്കുന്നതിനോ പ്രമാണം തിരികെ ലഭിക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. തത്ഫലമായി കർഷകർക്ക് പുതിയ വായ്പയെടുത്തുകൊണ്ട് കൃഷിയിലേയ്ക്ക് തിരിച്ചുവരാൻ കഴിയുന്നില്ലായെന്നും ഇത് ജനങ്ങൾക്കിടയിൽ കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുമെന്നും സമിതി വിലയിരുത്തുന്നു. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അവാർഡുകൾ പ്രകാരം ബാങ്കുകൾക്ക് പണം നൽകേണ്ടത് സർക്കാരായതിനാൽ <u>നിശ്ചിത സമയപരിധിക്കുള്ളിൽ ബാങ്കുകൾക്ക് തുക സർക്കാർ കൈമാറേണ്ടതാണ്. ഈ നടപടികൾ വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നതിന് കർഷക കടാശ്വാസത്തിനായി സർക്കാർ നൽകുന്ന തുക ബാങ്കുകൾക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവുകളിന്മേൽ നിർദ്ദിഷ്ട പരിശോധനകൾ നടത്തുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം

നൽകിക്കൊണ്ട് 28-7-2015-ലെ ജി.ഒ.(ആർ.റ്റി.)1283/2015/കൃഷി പ്രകാരം കൃഷിവകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് അനുസൃതമായി കരട് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(3539/എച്ച്3/13/റ.വ. തീയതി 20-9-2017 നമ്പർ കത്ത് മുഖേന ലഭിച്ചത്)

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക-12)</u>

ആക്ടിലെ സെക്ഷൻ 3(4) പ്രകാരം "സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന മറ്റ് ജീവനക്കാരേയും നിയമിക്കാവുന്നതാണെന്ന് " വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന-വേതന വ്യവസ്ഥകളും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നും ഇത് സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നുള്ള സർക്കാർ ഉത്തരവുകൾ മാത്രമാണ് നിലവിലുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ, കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന-വേതന വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് താമസംവിനാ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ചട്ടത്തിലെ ഭേദഗതി സംബന്ധിച്ച നിർദ്ദേശം കൃഷിവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(3539/എച്ച്3/13/റ.വ. തീയതി 20-9-2017 നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക-13)</u>

ആക്ടിലെ സെക്ഷൻ 4 (6)-ൽ "ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന് പരാമർശിച്ചിരിക്കുന്നു. ചെയർമാൻ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജഡ്ജിയായതുകൊണ്ട് അദ്ദേഹത്തിന്റെ ബത്തകളും മറ്റ് സേവന വ്യവസ്ഥകളും ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതായിട്ടുണ്ട്. <u>ആയതിനാൽ, ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

റവന്യൂ വകുപ്പിൽനിന്നും ലഭിച്ച മറുപടി

ചട്ടത്തിലെ ഭേദഗതി സംബന്ധിച്ച നിർദ്ദേശം കൃഷി വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ളത് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(3539/എച്ച്3/13/റ.വ. തീയതി 20-9-2017 നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

ശിപാർശ നമ്പർ 15 (ഖണ്ഡിക-23)

അവാർഡുകൾ പാസ്സാക്കുന്നതുവരെയുള്ള കാര്യം മാത്രമേ ആക്റ്റിൽ പറയുന്നുള്ളൂ എന്നതിനാൽ അതു കഴിഞ്ഞ് തുക ആര് എങ്ങനെ കൊടുക്കണം എന്നതിനെ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനുകളുടെ അഭാവം ഒരു പ്രധാന വൈകല്യമായി സമിതി വിലയിരുത്തുന്നു. ആക്റ്റിൽ വ്യവസ്ഥ ഇല്ലാത്തതുമൂലമാണ് ചട്ടങ്ങളിലും ഇവ ഉൾപ്പെടുത്തുവാൻ കഴിയാതെ പോയത്. ആയതിനാൽ കടാശ്വാസം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തവും നിയതവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവുകളിന്മേൽ നിർദ്ദിഷ്ട പരിശോധനകൾ നടത്തുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് 28-7-2015-ലെ ജി.ഒ.(ആർ.റ്റി.)1283/2015/കൃഷി പ്രകാരം കൃഷിവകുപ്പിൽ നിന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് അനുസൃതമായി കരട് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(3539/എച്ച്3/13/റ.വ. തീയതി 20-9-2017 നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതിയുടെ തുടർ ശിപാർശ

2008 ഡിസംബർ 18-ന് സഭയിൽ സമർപ്പിച്ച സമിതി (2006-2008) യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശ 2, 4, 5, 15 (ഖണ്ഡിക 10, 12, 13, 23) എന്നിവയ്ക്ക് ഒൻപത് വർഷത്തിനുശേഷവും അന്തിമ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശപ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിൽ വരുത്തി അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മുരളി പെരുനെല്ലി,

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2018, മാർച്ച് 13.

അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2014 ഫെബ്രുവരി 7<br>7th February 2014<br>1189 മകരം 25<br>25th Makaram 1189<br>1935 മാഘം 18<br>18th Magha 1935 | നമ്പർ<br>No. 444 |

## കേരള സർക്കാർ

റവന്യൂ (എച്ച്) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

ജി. ഒ. (പി.) നമ്പർ 70/2014/ആർ.ഡി. *തിരുവനന്തപുരം, 2014 ജനുവരി 29*
*1189 മകരം 16.*

എസ്. ആർ. ഒ. നമ്പർ 102/2014.—2007 മേയ് 2-ാം തീയതിയിലെ ജി. ഒ. (പി.) 142/2007/ആർ.ഡി. നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2007 മേയ് 2-ാം തീയതിയിലെ 313-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 390/2007 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങളിൽ,—

(1) ഫാറം "സി" എന്ന ശീർഷകത്തിൻകീഴിൽ "(8-ാം ചട്ടം കാണുക)" എന്നത് "(6-ാം ചട്ടം കാണുക)" എന്ന് വായിക്കേണ്ടതാണ്;

(2) ഫാറം "ഇ" എന്ന ശീർഷകത്തിൻകീഴിൽ "(13-ാം ചട്ടം കാണുക)" എന്നത് "(11-ാം ചട്ടം കാണുക)" എന്നും "എതിർ കക്ഷിക്കുള്ള നോട്ടീസ്", എന്ന ശീർഷകത്തിൻ കീഴിലെ "(2007-ലെ........)" എന്നത് "(2007-ലെ 1)" എന്നും വായിക്കേണ്ടതാണ്;

(3) ഫാറം "എഫ്" എന്ന ശീർഷകത്തിൻകീഴിൽ "(23-ാം ചട്ടം കാണുക)" എന്നത് "(21-ാം ചട്ടം കാണുക)" എന്ന് വായിക്കേണ്ടതാണ്;

(4) ഫാറം "ജി" എന്ന ശീർഷകത്തിൻകീഴിൽ "(25-ാം ചട്ടം കാണുക)" എന്നത് "(23-ാം ചട്ടം കാണുക)" എന്ന് വായിക്കേണ്ടതാണ്;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത്, രാജൻ,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007 ലെ 1-ാം ആക്റ്റ്) 21-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2007 മേയ് 2-ാം തീയതിയിലെ 313-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 390/2007 ആയി കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചു. കേരള നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2006-2008) ഒമ്പതാമത് റിപ്പോർട്ടിൽ, ചട്ടങ്ങളോടൊപ്പമുള്ള ഫാറങ്ങളിൽ അവ ഏതു ചട്ടപ്രകാരമാണ് നൽകേണ്ടത് എന്ന് രേഖപ്പെടുത്തിയതിൽ പിശകുകൾ കണ്ടെത്തുകയും അവ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. അവ തിരുത്തുന്നതിന് ഒരു തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.